ഉത്തരം

(എ) Kerala Local Government Strengthening and Service Delivery പ്രോജക്ടിനുവേണ്ടി ലോകബാങ്കുമായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ലോകബാങ്കിൽ നിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല.

## തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വ്യവസായ മേഖലയിൽനിന്നുള്ള നികുതികൾ

8 [794] ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് രാജ് നിയമപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കിയിരുന്ന വ്യവസായമേഖലയിൽനിന്നുള്ള ലൈസൻസ് ഫീ, മറ്റു നികുതികൾ എന്നിവ തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഉത്തരവുമൂലം ഏതെല്ലാം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ഈ തുകകൾ പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കാമോ ;

(സി) ഹൈക്കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ നിയമത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഈ തുകകൾ പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. [W.P.(C) No. 27334/03, 27736/04 എന്നീ റിട്ട് ഹർജികളിന്മേൽ 10-4-2007-ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ വ്യാവസായിക മേഖലകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ അധികാരമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.]

(ബി) തുക പിരിച്ചെടുക്കാൻ കഴിയാത്ത വിവരങ്ങൾ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ചുവരുന്നു.

(സി) ബന്ധപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 1 (2)-ൽ മതിയായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly